ഭരണഭാഷ മാതൃഭാഷ

ഇ.എക്സ്.സി/3209/2019/എക്സ്.ഇ.9

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം.
തീയതി : 28.09.2019

# സർക്കുലർ-03/2019

വിഷയം:- അബ്കാരി- COTPA കേസുകളുടെ രജിസ്ട്രേഷൻ - കേസ്സുകളിലെ തൊണ്ടിമുതലുകൾ നശിപ്പിക്കുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- ഇല്ല.

സംസ്ഥാനത്തെ എക്സൈസ് ഓഫീസുകളിൽ കണ്ടെടുക്കുന്ന COTPA കേസ്സുകളുടെ രജിസ്ട്രേഷനും തൊണ്ടി നശിപ്പിക്കുന്നതും സംബന്ധമായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

01. COTPA OFFENCES REGISTER എന്ന പേരിൽ ഒരു രജിസ്റ്റർ എല്ലാ റെയിഞ്ച്, സർക്കിൾ, സ്ക്വാഡ് ഓഫീസുകളിലും എഴുതി സൂക്ഷിക്കേണ്ടതാണ്.

02. കണ്ടെടുക്കപ്പെടുന്ന എല്ലാ COTPA കേസ്സുകൾക്കും ക്രമമായി ക്രൈം നമ്പർ നൽകേണ്ടതാണ്.

03. സീരിയൽ നമ്പർ, ക്രൈം നമ്പർ, തീയതി, തൊണ്ടിയുടെ ഇനം, അളവ്, പ്രതിയുടെ പേരും അഡ്രസ്സും, ഈടാക്കിയ ഫൈൻ, TR5 രസീത് നമ്പർ, തൊണ്ടി മുതൽ നശിപ്പിച്ചെങ്കിൽ ആയതിന്റെ വിവരം, റിമാർക്സ് എന്നീ കോളങ്ങൾ രജിസ്റ്ററിൽ ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള തൊണ്ടി മുതലുകൾ ഇനി മുതൽ താഴെ പറയുന്ന രീതിയിലേ നശിപ്പിക്കാൻ പാടുള്ളൂ.

കേസ്സുകളിലെ തൊണ്ടിമുതലുകളായ പാൻമസാല ഉൾപ്പെടെയുള്ള പുകയില ഉൽപ്പന്നങ്ങൾ പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പാലക്കാട് മലബാർ സിമന്റ്സ് ലിമിറ്റഡ് അധികാരികളുമായി ചർച്ച നടത്തിയതിൽ ടി കമ്പനിയിലെ ഫർണസുകളിൽ incinerate ചെയ്യുന്നതിന് ധാരണയായിട്ടുണ്ട്. ആയത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.

1. പാലക്കാട് സർക്കിൾ ഇൻസ്പെക്ടർ ഈ വിഷയത്തിലെ സംസ്ഥാന നോഡൽ ഓഫീസർ ആയിരിക്കുന്നതാണ്.
2. ഓരോ മാസവും ഓരോ ജില്ലയിലും കണ്ടെടുക്കുന്ന COTPA കേസ്സുകളിലെ തൊണ്ടി മുതലുകൾ അതാത് ജില്ലയിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)മാരുടെ ചുമതലയിൽ അതാത് ഇ.ഇ & എ.എൻ.എസ്.എസ്.

ഓഫീസുകളിൽ, 50 കിലോഗ്രാം സിമന്റ് ബാഗിന്റെ പകുതി നിറച്ച നിലയിലുള്ള ചെറു പാക്കറ്റുകളിലാക്കി ശേഖരിക്കേണ്ടതാണ്. ഉപയോഗിച്ച സിമന്റ് ബാഗുകൾ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

3. തൊണ്ടി പുകയില ഉൽപ്പന്നങ്ങൾ മലബാർ സിമന്റ്സിലേയ്ക്ക് കൊണ്ടു പോകുന്നതിനാവശ്യമായ പാക്കറ്റുകൾ ആവശ്യമെങ്കിൽ മലബാർ സിമന്റ്സ് ജനറൽ മാനേജർക്ക് അപേക്ഷ നൽകി വാങ്ങാവുന്നതും മേൽപറഞ്ഞ പ്രകാരം പാക്ക് ചെയ്ത് കെട്ടി, രണ്ടു ടൺ വരെ തൊണ്ടി പുകയില ഉൽപ്പന്നങ്ങൾ ഒരു സമയം ഒരു ജില്ലയിൽ നിന്നും എത്തിച്ചു നൽകാവുന്നതുമാണ്.
4. പാലക്കാട് സർക്കിൾ ഇൻസ്പെക്ടറുമായി ബന്ധപ്പെട്ടു ഇതു സംബന്ധമായ സമയവും മറ്റും നിശ്ചയിക്കാവുന്നതാണ്.
5. വിവിധ ഓഫീസുകളിൽ നിന്നും തൊണ്ടി മുതലുകൾ സ്വീകരിച്ചതും അവ മലബാർ സിമന്റ്സ് അധികൃതർക്ക് കൈമാറിയതും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുവാൻ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) മാർ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കൽ ഈ രജിസ്റ്ററുകൾ പരിശോധിക്കേണ്ടതുമാണ്.
6. സംസ്ഥാനത്ത് ആകമാനം എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന COTPA കേസ്സുകളിലെ തൊണ്ടി മുതലുകളുടെ ഡിസ്പോസൽ അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) നിരീക്ഷിക്കേണ്ടതും സബ്ബ് ഓഫീസുകൾക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

എക്സൈസ് കമ്മീഷണർ

പകർപ്പ്:-

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2. ജോയിന്റ് എക്സൈസ് കമ്മീഷണർമാർ (എല്ലാ മേഖലകളും)
3. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ (എല്ലാ ഡിവിഷനുകളും)
4. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എല്ലാ ഡിവിഷനുകളും.
5. ഉത്തരവ് ഫയൽ/ കരുതൽ ഫയൽ.